**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1186** **02-02-2026 - ൽ മറുപടിയ്ക്ക്**

**ആഴക്കടൽ മത്സ്യബന്ധന നയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ആഴക്കടൽ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് 1977 മുതൽ 2014 വരെ സമർപ്പിക്കപ്പെട്ട നാല് വിദഗ്ധ സമിതി റിപ്പോർട്ടുകൾ സർക്കാർ സ്വീകരിക്കാതിരുന്നതിന് പിന്നിലെ കാരണം എന്താണ്; പ്രസ്തുത റിപ്പോർട്ടുകളിലെ ശിപാർശകൾ നടപ്പിലാക്കുന്നതിന് ഇനി നടപടികൾ സ്വീകരിക്കുമോ; എങ്കിൽ പ്രസ്തുത നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (എ) | വിവരം ശേഖരിച്ച് വരുന്നു. |
| (ബി) | ഇന്ത്യൻ എക്സ്ക്ലൂസിവ് എകണോമിക് സോൺ പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന വലിയ വ്യവസായ മത്സ്യബന്ധന കപ്പലുകൾ പരമ്പരാഗത മത്സ്യതൊഴിലാളികളുടെ ഉപജീവനത്തെ ഗുരുതരമായി ബാധിക്കുന്നുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ വിഷയത്തിൽ പഠനങ്ങളോ വിലയിരുത്തലുകളോ നടത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) | വിവരം ശേഖരിച്ച് വരുന്നു. |
| (സി) | ആഴക്കടൽ മത്സ്യബന്ധന നയത്തിന്റെ ഭാഗമായി ഫാക്ടറി ട്രോളറുകൾക്കും വലിയ കപ്പലുകൾക്കും അനുമതി നൽകുന്നത് കേരളത്തിലെ മത്സ്യസമ്പത്ത് കുറയാൻ കാരണമാകുമെന്ന ആശങ്ക ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; ഈ പശ്ചാത്തലത്തിൽ പരിസ്ഥിതി ആഘാത പഠനം നടത്തിയിട്ടുണ്ടോ; | (സി) | വിവരം ശേഖരിച്ച് വരുന്നു. |
| (ഡി) | തീരദേശ മേഖലയിൽ നേരിട്ടും പരോക്ഷമായും മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്ന ഏകദേശം 15 ലക്ഷം ആളുകളുടെ തൊഴിൽ സുരക്ഷ ഉറപ്പാക്കുന്നതിനായി ആഴക്കടൽ മത്സ്യബന്ധന നയത്തിൽ സർക്കാർ ഏതൊക്കെ സംരക്ഷണ വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; | (ഡി) | വിവരം ശേഖരിച്ച് വരുന്നു. |

| | | | |
|---|---|---|---|
| (ഇ) | ആഴക്കടൽ മത്സ്യബന്ധനത്തിന് അനുമതി നൽകുന്നതിന് മുമ്പ് പരമ്പരാഗത മത്സ്യതൊഴിലാളി സംഘടനകളുമായോ സഹകരണ സംഘങ്ങളുമായോ സർക്കാർ സമഗ്രമായ ചർച്ചകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ; | (ഇ) | വിവരം ശേഖരിച്ച് വരുന്നു. |
| (എഫ്) | പരമ്പരാഗത മത്സ്യതൊഴിലാളികളുടെ അറിവും അനുഭവസമ്പത്തും പരിഗണിക്കാതെ രൂപപ്പെടുത്തിയ ആഴക്കടൽ മത്സ്യബന്ധന നയം സാമൂഹിക അസമത്വവും തൊഴിൽ നഷ്ടവും സൃഷ്ടിക്കുമെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നയം പുന:പരിശോധിക്കാൻ സാധ്യതയുണ്ടോയെന്ന് അറിയിക്കുമോ? | (എഫ്) | വിവരം ശേഖരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ